# യിസ്രായേലേ നീ

യിസ്രായേലേ നീ ലജ്ജിച്ചു പോകയില്ല
നിന്റെ ശത്രു നിന്നെ ജയിക്കുകയില്ല

പീഢനത്തോടു നീ അകന്നിരുന്നീടും
ഭീഷണികളും നിന്നോടടുക്കില്ല
ബദ്ധപ്പാടോടെ നീ ഓടിപ്പോകുകയില്ല
മുൻപട പിൻപടയായ് ദൈവമുണ്ട്

തൻ വചനങ്ങളെ നിന്റെ വായിലാക്കി
കരത്തിൻ നിഴലതിൽ മറച്ചീടും
മക്കൾ യഹോവയാൽ ഉപദേശിക്കപ്പെടും
അവരുടെ സമാധാനം വലിയതും

നീ ഉണർന്നീടുക ബലം ധരിക്കുക
അലങ്കാര വസ്ത്രവും ധരിക്കുക
ഉല്ലാസഘോഷമായ് സീയോനിലേക്കു പോക
നിത്യാനന്ദം തലമേൽ പ്രാപിക്കുക

------------------------------------------------------------------------------------------------